പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4449    28.06.2012 - ൽ മറുപടിക്ക്**

**<u>സപ്ലൈകോ- ഉയർന്ന തസ്തികകളിലുള്ള ഒഴിവുകൾ</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. പി.റ്റി.എ. റഹീം**<br>**ശ്രീ. കെ.വി. വിജയദാസ്**<br>**ശ്രീ. സാജു പോൾ**<br>**ശ്രീ. രാജു എബ്രഹാം** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) സപ്ലൈകോയിൽ ഏതെല്ലാം ഉയർന്ന തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ ; | എ) പബ്ലിക് റിലേഷൻസ് ആഫീസർ തസ്തികയും കമ്പനി സെക്രട്ടറിയുടെ തസ്തികയും ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നു. |
| ബി) ഇത് സപ്ലൈകോയുടെ പ്രവർത്തനത്തെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) പബ്ലിക് റിലേഷൻസ് ആഫീസറുടെയും കമ്പനി സെക്രട്ടറിയുടെയും അഭാവത്തിൽ നിലവിൽ മാനേജർ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ അധിക ചുമതല ഏൽപ്പിച്ചിരിക്കുന്നതുകൊണ്ട് സപ്ലൈകോയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല. |
| സി) ഡിമാന്റ് അനുസരിച്ച് നിയമാനുസൃതം പർച്ചേസ് നടത്താത്തതിനാൽ മാവേലി സ്റ്റോറുകളിൽ സ്റ്റോക്കില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ? | സി) താലൂക്ക് ഡിപ്പോകളിൽനിന്നും ലഭിക്കുന്ന ഇൻഡന്റുകൾ പ്രകാരമാണ് സാധാരണയായി മാവേലിസ്റ്റോറുകൾക്കാവശ്യമായ അരി, പഞ്ചസാര, പലവ്യഞ്ജനങ്ങൾ എന്നിവ വാങ്ങുന്നത്. മാവേലിസ്റ്റോറുകളിൽ കുറവുള്ള സാധനങ്ങൾ ഇ-ടെണ്ടർ വഴി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവശ്യ സാധനങ്ങൾ സ്റ്റോക്കില്ല എന്ന സ്ഥിതി ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ആഫീസർ.